വനങ്ങളിൽ ശാസ്ത്രീയ പഠനം നടത്താൻ അനുമതി ലഭിച്ചിട്ടുള്ളവർ

*12 [800] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയിൽ കാണപ്പെടുന്ന അപൂർവ്വ ഇനങ്ങളിൽപെടുന്ന മൃഗങ്ങൾ, പക്ഷികൾ, സസ്യങ്ങൾ എന്നിവയെ കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും അവയെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വനപ്രദേശത്ത് പഠനം നടത്താൻ ഏതെല്ലാം ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ വനമേഖലയിൽ വിവിധ തരത്തിലുള്ള പഠനം നടത്താൻ അനുമതി നൽകിയ സംഘങ്ങളിൽ വിദേശ ധന സഹായം കൈപ്പറ്റുന്നവ ഏതെല്ലാം എന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ പഠനം നടത്താൻ അനുവാദം നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്. പൂർണ്ണ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. † സംസ്ഥാനത്ത് വനമേഖലയിൽ കാണപ്പെടുന്ന അപൂർവ്വ ഇനങ്ങളിൽപ്പെടുന്ന മൃഗങ്ങൾ, പക്ഷികൾ, സസ്യങ്ങൾ എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു:

മൃഗങ്ങളും ഉരഗങ്ങളും: ആന, കടുവ, പുലി, കരിങ്കുരങ്ങ്, സിംഹവാലൻ കുരങ്ങ്, കരടി, കൂരമാൻ, വരയാട്, നീലഗിരി മാർട്ടിൻ, നീർനായ, കാട്ടുപൂച്ച, തളുങ്ക്, മലയണ്ണാൻ, ചാംപൻ മലയണ്ണാൻ, ചീങ്കണ്ണി, ഉടുമ്പ്, മലമ്പാമ്പ്, രാജവെമ്പാല എന്നിവ.

പക്ഷികൾ: മലമുഴക്കി വേഴാമ്പൽ, പെരിഗ്രിൻ, ഫാൽക്കൻ, നീലഗിരിവുഡ്, പീജിയോൺ, താലിപ്പരുന്ത്, ജോർതില്ലോർ, നൈറ്റ് ജാർ തുടങ്ങിയവ.

സസ്യങ്ങൾ: ചെങ്കുറിഞ്ഞി, ഏണി, കൊടപ്പന, ചൂരൽ, കറുവ, വയനാവ്, നീലക്കുറിഞ്ഞി, ആരോഗ്യപ്പച്ച, വരമഞ്ഞൾ തുടങ്ങിയവ.

വന്യജീവി പരിരക്ഷണത്തിൽ വന്യജീവികളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുക, സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, സംരക്ഷണത്തിനുള്ള അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കുക, ഇക്കോ ഡവലപ്പ്മെന്റ് പദ്ധതികൾ നടപ്പിലാക്കുക, പ്രകൃതി സംരക്ഷണ അവബോധന പ്രവർത്തനങ്ങൾ നടത്തുക, ഗവേഷണ പഠനങ്ങൾ നടത്തുക എന്നീ പ്രവർത്തനങ്ങൾക്കാണ് കൂടുതൽ പ്രാമുഖ്യം നൽകുന്നത്. വന്യ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മൃഗങ്ങളുടെ ആവാസ വ്യവസ്ഥ പരിരക്ഷിക്കുന്നതിന് മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, പ്രക്ഷീണ ആവാസ വ്യവസ്ഥകൾ പുനരുജ്ജീവിപ്പിക്കുക, തീറ്റപ്പുല്ല്, ഫല വൃക്ഷങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുക, കള നിർമ്മാർജ്ജനം ചെയ്യുക, കോറിഡോറുകൾ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കുക, കാട്ടുതീ തടയുക എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വന്യജീവി വിഭാഗത്തിൽ സംരക്ഷണ ഉദ്യോഗസ്ഥരുടെ എല്ലാ തസ്തികകളിലും നിയമനം നടത്തി വിപുലമായ പട്രോളിംഗും ആവശ്യകതയനുസരിച്ച് ആന്റി പോച്ചിംഗ് ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്. സ്ഥിരം ഉദ്യോഗസ്ഥർക്കു പുറമെ സംരക്ഷണ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി 8 ഫ്ളൈയിംഗ് സ്കാഡ് ഡിവിഷനുകളുടെ കീഴിലായി 19 ഫ്ളൈയിംഗ് സ്കാഡ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സംരക്ഷിത മേഖലയ്ക്ക് പുറത്തുള്ള വന്യജീവികളുടെ സംരക്ഷണം ടെറിട്ടോറിയൽ വിഭാഗം ഉദ്യോഗസ്ഥർ നിർവ്വഹിക്കുന്നു.

സംരക്ഷണ പ്രവർത്തനങ്ങൾക്കായി വന്യജീവി സങ്കേതങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള വയർലസ് ശൃംഖല, റോഡ്, നടപ്പാത, വാഹനങ്ങൾ, ബോട്ട്, വാച്ച് ടവറുകൾ, പിക്കറ്റ് സ്റ്റേഷനുകൾ, ക്യാമ്പിംഗ് സംവിധാനങ്ങൾ, സംരക്ഷണ ഉദ്യോഗസ്ഥൻമാർക്കുള്ള ആയുധങ്ങൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും മെച്ചപ്പെടുത്തുകയും ചെയ്തുവരുന്നു.

മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കുന്നതിന് വൈദ്യുതി കമ്പിവേലികളും കിടങ്ങുകളും മറ്റും നിർമ്മിക്കുകയും വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നുണ്ട്.

വനസംരക്ഷണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്താൻ തദ്ദേശീയരുടെ സഹകരണത്തോടെ ഇക്കോ ഡവലപ്പ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. വനസംരക്ഷണത്തിന് ഏറ്റവും നല്ല ഉപാധിയാണ് ബോധവൽക്കരണം. ഇതിനായി ബോധവൽക്കരണ പരിപാടികളും പ്രകൃതി പഠന ക്യാമ്പുകളും പൊതുജനങ്ങൾക്കായി നടത്തുന്നുണ്ട്.

വന്യജീവി പരിപാലനം, സംരക്ഷണം, പരിരക്ഷണം ഇവ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വികസിപ്പിക്കുന്നതിനായി ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും കുറ്റകൃത്യങ്ങളുടെ വിവരം പരസ്പരം കൈമാറുന്നതിനും സംയുക്ത പട്രോളിംഗ് നടത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ വൈൽഡ് ലൈഫ് വാർഡൻമാർക്കും ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ബി) പീച്ചിയിലെ കേരള വനഗവേഷണ സ്ഥാപനം, പാലോടിലെ ട്രോപ്പിക്കൽ ബോട്ടാണിക്ക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, സലിം അലി വൈൽഡ് വിംഗ്സ് ട്രസ്റ്റ്, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, കേരളാ യൂണിവേഴ്സിറ്റി, നേച്ചർ എഡ്യുക്കേഷൻ സൊസൈറ്റി, തൃശ്ശൂർ എന്നീ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ശാസ്ത്രീയ പഠനങ്ങൾ നടത്തുന്നതിന് പ്രത്യകിച്ച് ജീവശാസ്ത്രപരമായ വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവ് നമ്പർ 40/2003/വനം തീയതി 24-1-2003 പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പക്ഷികളെയും മൃഗങ്ങളെയും സംരക്ഷിക്കുന്നതിന് നടപടി

*13 [801] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ എവിടെയെല്ലാമാണെന്നും ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(ബി) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സംരക്ഷിത പക്ഷികളും മൃഗങ്ങളും ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഇവയുടെ സംരക്ഷണത്തിനും വംശവർദ്ധനവിനുമായി എന്തെല്ലാം നൂതന പരിപാടികൾ സ്വീകരിക്കുന്നുവെന്ന് അറിയിക്കുമോ;

(ഡി) സംരക്ഷിത പക്ഷികളേയും മൃഗങ്ങളേയും വളർത്തുന്നതിനായി വ്യക്തികൾക്കും സംഘടനകൾക്കും ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുമോ;

(ഇ) ഈ പക്ഷിമൃഗാദികളെ സംരക്ഷിക്കുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) രണ്ട് ദേശീയോദ്യാനങ്ങളടക്കം 14 വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ട്. വിവരം ചുവടെ ചേർക്കുന്നു:

1. പറമ്പിക്കുളം വന്യമൃഗ സങ്കേതം
2. നെയ്യാർ വന്യമൃഗ സങ്കേതം
3. വയനാട് വന്യമൃഗ സങ്കേതം
4. ഇരവികുളം ദേശീയോദ്യാനം
5. പെരിയാർ ടൈഗർ റിസർവ്വ് (തേക്കടി)
6. സൈലന്റ് വാലി ദേശീയോദ്യാനം
7. ഇടുക്കി വന്യമൃഗ സങ്കേതം
8. പീച്ചി-വാഴാനി വന്യമൃഗ സങ്കേതം
9. പേപ്പാറ വന്യമൃഗ സങ്കേതം

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly